# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2214 — 20.06.2012-ൽ മറുപടിക്ക്

## പകർച്ചേതരവ്യാധികളുടെ നിയന്ത്രണത്തിനും പ്രതിരോധത്തിനും നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.സി.ജോർജ് :<br>,, എം.വി.ശ്രേയാംസ് കുമാർ :<br>ഡോ.എൻ.ജയരാജ് :<br>ശ്രീ.റോഷി അഗസ്റ്റിൻ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പകർച്ചേതരവ്യാധികളുടെ നിയന്ത്രണത്തിനും പ്രതിരോധത്തിനുമായി നിലവിൽ എന്തെല്ലാം ആരോഗ്യ പരിപാടികളാണ് സംസ്ഥാനത്തുള്ളത് ; | (എ) നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോൾ പ്രോഗ്രാം എന്ന പേരിൽ ആരോഗ്യവകുപ്പിനു കീഴിലും എൻ.പി.സി.ഡി.സി.എസ് എന്ന പേരിൽ കേന്ദ്രപദ്ധതി പ്രകാരം മറ്റൊരു പദ്ധതിയും സംസ്ഥാനത്ത് നിലവിലുണ്ട്. എൻ.സി.ഡി പദ്ധതി പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലും എൻ.പി.സി.ഡി.സി.എസ് പദ്ധതിപ്രകാരം സംസ്ഥാനത്തെ 5 ജില്ലകളിലും (പത്തനംതിട്ട/ ആലപ്പുഴ/ഇടുക്കി/തൃശ്ശൂർ/കോഴിക്കോട്) പകർച്ചേതര നിയന്ത്രണത്തിനുള്ള പദ്ധതി നിലവിലുണ്ട്. ഇതിനുപുറമേ അർബുദരോഗ നിയന്ത്രണ പരിപാടി, പുകയിലജന്യരോഗ നിയന്ത്രണം എന്നീ പരിപാടികളും നടപ്പിലാക്കിവരുന്നു. |
| (ബി) പ്രസ്തുത പൊതുജനാരോഗ്യ പരിപാടിക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര വീതമാണ് ; | (ബി) എൻ.പി.സി.ഡി.സി.എസ് പദ്ധതിയ്ക്ക് 80% തുക കേന്ദ്രവിഹിതവും 20% തുക സംസ്ഥാനവിഹിതവുമാണ്. |
| (സി) 2012-13 സാമ്പത്തികവർഷം ഇപ്രകാരം ജീവിതശൈലി രോഗ നിയന്ത്രണത്തിനും ചികിത്സയ്ക്കുമായി എത്ര തുക വകയിരുത്തിയിട്ടുണ്ട് ; കഴിഞ്ഞ വർഷം ഈ ഇനത്തിൽ ചെലവഴിച്ച തുകയെത്ര ? | (സി) 2012-13 സാമ്പത്തികവർഷം നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോൾ പ്രോഗ്രാമിനായി 450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ പുകയിലജന്യരോഗ നിയന്ത്രണത്തിനായി 100 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. 2011-12 സാമ്പത്തികവർഷത്തിൽ 36 ലക്ഷം രൂപയാണ് അടങ്കൽ തുകയായി ലഭ്യമായത്. |

സെക്ഷൻ ഓഫീസർ